പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1600 | | 13.07.2011ൽ മറുപടിക്ക് | |
| ഗാർഹിക പീഡന ആക്ടിന്റെ നിർവ്വഹണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. സാജു പോൾ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.റ്റി.എ. റഹീം | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഗാർഹിക പീഡന ആക്ടിന്റെ നിർവ്വഹണം സംസ്ഥാനത്ത് നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഗാർഹിക പീഡന നിരോധന നിയമം 2005, 26.10.2006 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ആക്ട് ജുഡീഷ്യറി, പോലീസ്, സാമൂഹ്യ ക്ഷേമം തുടങ്ങിയ വകുപ്പുകൾ സംയുക്തമായിട്ടാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഈ നിയമം നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലും ഓരോ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ വീതം നിയമിച്ചിട്ടുണ്ട്. പീഡനത്തിന് ഇരയാകുന്നവർക്ക് നിയമ സഹായം, കൗൺസിലിംഗ്, ഷെൽട്ടർ എന്നിവ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 23 സ്ഥാപനങ്ങളെ ഷെൽട്ടർ ഹോമുകളായും 82 സ്ഥാപനങ്ങളെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളായും അംഗീകരിച്ചിട്ടുണ്ട്. പീഡനത്തിന് ഇരയായവർക്ക് സൗജന്യ നിയമ സഹായസേവനവും |

| | | | |
|---|---|---|---|
| | | | താമസ സൗകര്യവും ലഭ്യമാണ്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണ ഉത്തരവ്, ധനസഹായ ഉത്തരവ്, നഷ്ടപരിഹാര ഉത്തരവ്, കസ്റ്റഡി ഉത്തരവ്, താമസ ഉത്തരവ് എന്നിവ കോടതി മുഖേന ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | ഗാർഹിക പീഡന ആക്ടിലെ നിബന്ധനകൾ സംസ്ഥാനത്ത് നടപ്പാക്കുന്ന ഏജൻസി ഏതാണ്; | (ബി) | ഗാർഹിക പീഡന നിരോധന നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് ആഭ്യന്തരം ( പോലീസ്), ജുഡീഷ്യറി, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകൾ മുഖേനയാണ്. |
| (സി) | ഗാർഹിക പീഡനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന കാര്യങ്ങൾ വിശദമാക്കുമോ; | (സി) | സ്ത്രീകൾക്കെതിരെയുള്ള ശാരീരിക പീഡനം, ലൈംഗിക ചൂഷണം, വാക്കുകൾകൊണ്ടുള്ള അധിക്ഷേപം, വൈകാരിക ചൂഷണം, സാമ്പത്തിക ചൂഷണം തുടങ്ങിയവ എല്ലാം ഗാർഹിക പീഡനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നു. |
| (ഡി) | സ്ത്രീകൾക്ക് നിയമസഹായ സേവനങ്ങൾ ഈ ഏജൻസി വഴി നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | പീഡനത്തിനിരയായ സ്ത്രീകൾക്കുള്ള സൗജന്യ നിയമസഹായ സേവനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ അംഗീകരിച്ചിട്ടുള്ള 23 ഷെൽട്ടർ ഹോമുകൾ വഴിയും 82 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ മുഖേനയും ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ